# കേരളീയനവോത്ഥാനവും സർക്കസ്സും: പ്രതിനിധാനത്തിന്റെ പ്രശ്നങ്ങൾ

**ഡോ.മഹേഷ് മംഗലാട്ട്**
അധ്യാപകൻ, എം.ജി. കോളേജ്, മാഹി

പ്രത്യക്ഷത്തിൽ ഒരു ബന്ധവുമില്ലെന്നു തോന്നാവുന്ന രണ്ടുകാര്യങ്ങൾ ചേർത്തുവെക്കുന്ന ഒരു ആലോചനയാണ് ഈ പ്രബന്ധം ഉന്നയിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിച്ച് ഇരുപതാം ശതകത്തിന്റെ ആദ്യപകുതിവരെ കേരളീയസമൂഹത്തിൽ സംഭവിച്ച സാംസ്കാരിക പരിണാമങ്ങളാണ് കേരളീയനവോത്ഥാനം എന്ന സംജ്ഞ കൊണ്ട് സാധാരണ അർത്ഥമാക്കാറ്. കേരളീയനവോത്ഥാനത്തെക്കുറിച്ചുള്ള നമ്മുടെ ആലോചനകൾ ആരംഭിക്കുന്നത് ദേശീയപ്രസ്ഥാനത്തിന്റെ ചരിത്രവിവരണങ്ങളിൽ കാണപ്പെടുന്ന, ദേശീയതലത്തിൽ സംഭവിച്ച നവോത്ഥാനത്തെക്കുറിച്ചുള്ള വിവരണങ്ങളുടെ ചുവടുപിടിച്ചാണ്. ബംഗാളിൽ രാജാറാം മോഹൻറായ്, കേശബ്ചന്ദ്രസെൻ, ഈശ്വർചന്ദ്ര വിദ്യാസാഗർ എന്നിവരുടെയും മറ്റും നേതൃത്വത്തിൽ സതിനിരോധനംപോലുള്ള പ്രവർത്തനത്തിലൂടെ ആരംഭിച്ച് ഇന്ത്യൻസമൂഹം ആധുനികതയിലേക്ക് പരിണമിക്കുന്ന ചരിത്രവിവരണം നമുക്ക് പരിചിതമാണ്. ബംഗാളിൽ ആരംഭിച്ച് ഇന്ത്യ മുഴുവൻ വ്യാപിച്ച ഒരു പ്രതിഭാസമായാണ് നവോത്ഥാനത്തെ ഈ സമീപനം സങ്കല്പിക്കുന്നത്. മാത്രമല്ല, ഇന്ത്യമുഴുവൻ വ്യാപിച്ച ഒരു പാൻഇന്ത്യൻ നവോത്ഥാനം എന്ന ഒരു പരികല്പനകൂടി ഇതിൽ അന്തർഭവിക്കുന്നുണ്ട്. ഈ സങ്കല്പം മലയാളത്തിൽ അവതരിപ്പിക്കുന്നത് സാമൂഹികശാസ്ത്ര പഠിതാക്കളോ ചരിത്രഗവേഷകരോ അല്ലെന്ന കൌതുകകരമായ ഒരു വസ്തുതകൂടി ഇവിടെ എടുത്തുപറയേണ്ടതുണ്ട്. ചന്തുമേനോൻ ഒരു പഠനം[1] എന്ന കൃതിയിൽ പി. കെ. ബാലകൃഷ്ണൻ എന്ന പത്രപ്രവർത്തകനും കുമാരനാശാനെയും[2] വള്ളത്തോളിനെയും[3] പഠനവിധേയനാക്കിയ തായാട്ട് ശങ്കരൻ

എന്ന മലയാളം അദ്ധ്യാപകനമാണ് ഭാരതീയനവോത്ഥാനം എന്ന പരികല്പനയെ സാഹിത്യപഠനവുമായി ബന്ധിപ്പിച്ച് മലയാളത്തിൽ അവതരിപ്പിച്ചവരിലെ തുടക്കക്കാർ. ഇവർ അവതരിപ്പിച്ച പാൻ ഇന്ത്യൻ നവോത്ഥാനം എന്ന സങ്കല്പം വലിയ മാറ്റമൊന്നുംകൂടാതെ ഇക്കാലത്തും പ്രചാരത്തിലുണ്ട്. ബംഗാളിൽ ആരംഭിച്ച് ഇന്ത്യ മുഴുവൻ വ്യാപിക്കുന്ന, ഒരേ ഉള്ളടക്കത്തോടെയുള്ള നവോത്ഥാനം എന്ന പരികല്പനയാണത്[4]. ഈ നവോത്ഥാനസങ്കല്പത്തെ പില്ക്കാലത്ത്, ആർണോൾഡ് ടോയൻബിയുടെ ആസ്കന്ദന-പ്രതികരണസിദ്ധാന്തം ഉപയോഗിച്ച് രണ്ട് സംസ്കാരങ്ങൾ തമ്മിലുള്ള സമ്പർക്കത്തിന്റെ സന്ദർഭത്തിൽ സംഭവിക്കുന്ന പ്രതികരണമെന്ന് താത്വികമായി വിശദീകരിക്കുവാൻ സുകുമാർ അഴീക്കോട്[5] സാഹിത്യനിരൂപണത്തെക്കുറിച്ചുള്ള തന്റെ ഗവേഷണത്തിൽ ഉദ്യമിക്കുന്നുണ്ട്.

ശ്രീനാരായണഗുരുവിന്റെയും മറ്റ് ആത്മീയാചാര്യന്മാരുടെയും നേതൃത്വത്തിൽ കേരളത്തിൽ നടന്ന പ്രവർത്തനങ്ങൾ, അവയിലെ മതപരവും ആചാരപരവുമായ തലം മുതൽ പൊതുസമൂഹത്തിന്റെ സൃഷ്ടിയെന്നതുവരെ വിശദീകരിക്കുവാൻ നേരത്തെ പറഞ്ഞ, പാൻ ഇന്ത്യൻ നവോത്ഥാനം എന്ന പരികല്പനതന്നെയാണ് ഉപയോഗപ്പെടുത്തിയിരുന്നത്. പട്ടിക്കും മറ്റ് ജന്തുക്കൾക്കും വഴിനടക്കാവുന്ന പാതകളിൽ സമൂഹത്തിന്റെ കീഴ്ത്തട്ടിലുള്ളവർക്ക് പ്രവേശനം നിഷേധിക്കപ്പെട്ട കാലഘട്ടത്തിൽ അതിനെതിരെ പൊരുതിയത് ജാതിശ്രേണിയിൽ കീഴിലാണെന്നതിനാൽ മാനുഷികപരിഗണന നിഷേധിക്കപ്പെട്ടവരായിരുന്നു. തെക്കൻ തിരുവിതാംകൂറിൽ വൈകുണ്ഠ സ്വാമിയിൽനിന്നും ആരംഭിക്കുന്ന ചെറുത്തുനില്പും പോരാട്ടങ്ങളും അയ്യൻകാളിയിലൂടെ കരുത്തുനേടുന്നു. ശ്രീനാരായണഗുരുവിലൂടെയും ശ്രീനാരായണ ധർമ്മ പരിപാലനയോഗത്തിലൂടെയും കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റംവരെ വ്യാപിച്ച പ്രവർത്തനങ്ങൾ പുതിയ ഒരു സമൂഹത്തിന്റെ നിർമ്മിതിക്ക് വഴിയൊരുക്കുന്നു. ഈ പ്രക്രിയയുടെ ചരിത്രം പരിശോധിച്ചാൽ, ഏറ്റവും കൊടിയഅവഹേളനം അനുഭവിച്ചവരാണ് ഈ പ്രവർത്തനങ്ങളിൽ ആദ്യം അണിചേരുന്നതെന്ന് കാണാം. ആ ശ്രേണിയിൽ ഏറ്റവും ഒടുവിലായി നമ്പൂതിരി സമുദായത്തിലെ പീഡിതവിഭാഗവും അണിചേരുന്നു. ഇങ്ങനെ, ഉത്തരേന്ത്യൻ നവോത്ഥാനത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ക്രമത്തിൽ കീഴ്ത്തട്ടിൽ നിന്നും മുകൾത്തട്ടിലേക്ക് വ്യാപിക്കുന്ന സാമൂഹികമാറ്റമാണ് കേരളീയനവോത്ഥാനത്തിന്റെ സവിശേഷത. മാനുഷികമായ ജീവിതാവസ്ഥ സ്വയം സൃഷ്ടിച്ചെടുക്കാനുള്ള പോരാട്ടമായിരുന്നു അതെന്ന് കാണാവുന്നതാണ്.

വഴിനടക്കാനും വസ്ത്രംധരിക്കാനും വിദ്യാലയങ്ങളിൽ ചേർന്നുപഠിക്കാനും മറ്റുള്ളവരോടൊപ്പം തൊഴിലിൽ പങ്കാളിയാവാനും വേണ്ടിയുള്ള ഈ പോരാട്ടത്തിന്റെ ഉള്ളടക്കം, അക്കാരണത്താൽത്തന്നെ ഉത്തരേന്ത്യൻ നവോത്ഥാനത്തിന്റേതിൽനിന്നും വ്യത്യസ്തമായിരുന്നു. ദേശീയപ്രസ്ഥാനത്തിന്റെ കാലത്തെ ആശയഭൂമികയിൽനിന്ന് ഭാരതമാകമാനം വ്യാപിക്കുന്ന നവോത്ഥാനവും കൊളോണിയൽ വിരുദ്ധസമരവുമെന്ന ആശയം സ്വീകരിച്ച് വിശദീകരിക്കുമ്പോൾ കാണാനാകാതിരുന്ന വസ്തുതകൾ കണ്ടെത്താൻ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനംവരെ നമുക്ക് കാത്തിരിക്കേണ്ടി വന്നു. മാത്രമല്ല, ഔത്തരാഹനവോത്ഥാനത്തിന്റേതിൽനിന്നും വ്യത്യസ്തമായ പ്രവണതകളും പ്രവർത്തനങ്ങളും നമുക്ക് കാണാനും സാധിച്ചിരുന്നില്ല. സർക്കസ് എന്ന പാശ്ചാത്യകല കേരളീയസമൂഹത്തിൽ നിർവ്വഹിച്ച നവോത്ഥാനപരമായ ദൌത്യം തിരിച്ചറിയാനും നമുക്ക് സാധിച്ചില്ല. പരിഷ്കരണപ്രസ്ഥാനങ്ങളുടെ സ്വാഭാവികവികാസമായി ഇന്ത്യൻ നവോത്ഥാനത്തെ വീക്ഷിക്കുന്ന ഈ കാഴ്ചപ്പാട്, ആംഗലവിദ്യാഭ്യാസവും കൊളോണിയൽ ഭരണസ്ഥാപനങ്ങളും നവോത്ഥാനത്തിന്റെ ഊർജ്ജപ്രഭവങ്ങളാണെന്നും കരുതുന്നു. കേരളീയ നവോത്ഥാനത്തെക്കുറിച്ച് പില്ക്കാലത്തുണ്ടായ അക്കാദമിക പഠനങ്ങൾ ആംഗലവിദ്യാഭ്യാസവും കൊളോണിയൽ വാഴ്ചയുമായി ബന്ധപ്പെട്ട പരിവർത്തനങ്ങളുടെ വാഹകർ എന്ന നിലയിൽ ക്രൈസ്തവമിഷണറിമാരെ കാണുകയും, മിഷണറിമാർ നവോത്ഥാനത്തിന്റെ ചാലകശക്തിയായിരുന്നുവെന്ന് നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

മലയാളഭാഷയിൽ ചെറുകഥ, നോവൽ, നാടകം, നിരൂപണം എന്നീ സാഹിത്യശാഖകൾ ഉദയംചെയ്യുന്ന ഘട്ടത്തിലാണ് കേരളത്തിൽ സർക്കസ്സ് രൂപപ്പെടുന്നത്. മലയാളകവിതയിൽ കാല്പനികതയുടെ ഉദയവും ഇതേ ഘട്ടത്തിൽത്തന്നെയാണ്. ജാതിക്കും അനാചാരങ്ങൾക്കുമെതിരെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ശക്തിപ്രാപിക്കുകയും ചെയ്ത ഈ കാലയളവിനെക്കുറിച്ചുള്ള പഠനങ്ങളിൽ പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ പ്രചാരം കേരളീയസമൂഹത്തിൽ നിർവ്വഹിച്ച ദൌത്യം എന്തെന്ന് ചർച്ചചെയ്തിട്ടുണ്ട്. പുതിയ വിദ്യാഭ്യാസക്രമത്തിന്റെ പ്രചാരണത്തിലൂടെ ജീവിതത്തിന്റെ പുനഃസൃഷ്ടിക്ക് വഴിയൊരുക്കിയ മിഷനറിമാരെപ്പോലെ സമൂഹത്തിന്റെ കീഴ്ത്തട്ടിലുള്ള മനുഷ്യരുടെ ജീവിതത്തെ ജാതിമുക്തവും പരിഷ്കൃതവുമായ വിധത്തിൽ മാറ്റിയെടുക്കുകയെന്ന ദൌത്യം സർക്കസ് നിർവ്വഹിക്കുന്നുണ്ട്. എങ്കിലും നവോത്ഥാനത്തെക്കുറിച്ചോ കേരളീയസമൂഹത്തിന്റെ ആധുനികവത്കരണത്തെക്കുറിച്ചോ അന്വേഷിച്ച പഠിതാക്കൾ സർക്കസ്സിനെക്കുറിച്ച്

ഉദാസീനത പാലിക്കുകയാണ് ചെയ്തത്. കേരളീയനവോത്ഥാനവും സർക്കസ്സ് മേഖലയിലുള്ള കേരളത്തിന്റെ സാന്നിദ്ധ്യവും തമ്മിൽ ഏതു രീതിയിലാണ് ബന്ധപ്പെടുന്നത് എന്നത് വിശദമായ പര്യാലോചനകൾ അർഹിക്കുന്ന വിഷയമാണ്. കേരളീയർക്ക് നിർണ്ണായകമായ സ്ഥാനമുണ്ടായിരുന്ന ഇന്ത്യൻസർക്കസ്സിൽ നവോത്ഥാനമൂല്യങ്ങൾ ഏതു വിധത്തിലാണ് സ്വാധീനം ചെലുത്തിയത് എന്ന അന്വേഷണവും പ്രസക്തമാണ്.

കേരളീയനവോത്ഥാനത്തെക്കുറിച്ചുള്ള പഠനങ്ങൾ അടിസ്ഥാനമായി സ്വീകരിച്ചത് മുഖ്യമായും രണ്ടുസങ്കല്പനങ്ങളാണ്. അവ ഇങ്ങനെ സംഗ്രഹിക്കാം. ഒന്ന്, സാഹിത്യത്തിൽ പ്രതിഫലിച്ചുകാണുന്ന നൂതനപ്രവണതകൾ നവോത്ഥാനത്തിന്റെ ഫലമാണ്. നവോത്ഥാനം സാമൂഹികമായ ഒരു പ്രക്രിയയാണെങ്കിലും അത് സാഹിത്യത്തെ ആധാരമാക്കി പഠിക്കാവുന്നതാണ്. രണ്ട്, പാശ്ചാത്യസ്വാധീനമാണ് നവോത്ഥാനത്തിന്റെ പ്രകടമായ ഹേതു. കൊളോണിയൽവാഴ്ചയുടെ ഭാഗമായി നിലവിൽവന്ന പുതിയ സ്ഥാപനങ്ങളും ക്രൈസ്തവമിഷണറിമാരുടെ 'സംഭാവന'കളുമാണ് നവോത്ഥാനത്തിന്റെ ചാലകശക്തി.

കേരളീയ നവോത്ഥാനത്തെക്കുറിച്ചുള്ള നേരത്തെ പറഞ്ഞ പഠനങ്ങളെല്ലാം ഈ മുൻവിധികൾ പങ്കിടുന്നുണ്ട്. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായ അറിവുകളാണ് പത്തൊമ്പതാം ശതകത്തിൽ കേരളത്തിലെ കീഴാളസമൂഹവുമായി ബന്ധപ്പെട്ട ചരിത്രവസ്തുതകൾ വെളിവാക്കുന്നത്. തെക്കൻ തിരുവിതാംകൂറിൽ സവർണ്ണരും അവർണ്ണരും തമ്മിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരുന്ന കായികമായ ഏറ്റുമുട്ടലുകൾക്ക് അറുതിവരുത്തുവാനായി തിരുവിതാംകൂർ രാജാവ് സ്തംഭലിഖിതം എന്നപേരിൽ അറിയപ്പെടുന്ന ഒരു വിളംബരം പുറത്തിറക്കിയിരുന്നു. ഇന്നത്തെ കന്യാകുമാരി ജില്ലയിലാണ് ഏറ്റുമുട്ടലുകൾ ഉണ്ടായിക്കൊണ്ടിരുന്നത്. ലിഖിതം സ്ഥാപിക്കപ്പെട്ടതും അവിടെത്തന്നെ. കന്യാകുമാരി ജില്ലയിലെ ചാന്നാർ സമൂഹത്തിൽ നിന്നും ഉയർന്നുവന്ന വൈകുണ്ഠസ്വാമി എന്ന ആത്മീയാചാര്യനെക്കുറിച്ച് എം.എസ്.എസ്. പാണ്ഡ്യൻ[6] നടത്തിയ പഠനങ്ങളും നേരത്തെ പറഞ്ഞ മുൻവിധികൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. അതുപോലെ പ്രസക്തമായ മറ്റൊരു വസ്തുത, പാണ്ടിപ്പറയസമുദായാംഗമായ തൈക്കാട്ട് അയ്യാവുസ്വാമികളായിരുന്നു ശ്രീനാരായണഗുരുവിന്റേയും ചട്ടമ്പിസ്വാമികളുടേയും ഗുരുവെന്നതാണ്. കുമാരനാശാന്റെ വാക്കുകൾ കടമെടുത്ത് പറയുകയാണെങ്കിൽ ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോരായിരുന്ന ഒരു

ജനതയുടെ ഇടയിൽ പത്തൊമ്പതാം ശതകത്തിന്റെ പ്രാരംഭഘട്ടത്തിൽ ശക്തിപ്രാപിച്ച വിമോചനതൃഷ്ണയിലും സ്വത്വസ്ഥാപനശ്രമങ്ങളിൽ നിന്നുമാണ് കേരളീയനവോത്ഥാനം ഉദയംചെയ്യുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ, സാമുദായികജീവിതത്തിന്റെ കീഴ്ത്തട്ടിൽ നിന്നും മുകളിലേക്കു വ്യാപിച്ച ഒരു പ്രവാഹഗതിയാണ് കേരളീയനവോത്ഥാനത്തിന് ഉണ്ടായിരുന്നത്. ബംഗാളിൽ രാജാറാം മോഹൻറായിയുടേയും കേശബ് ചന്ദ്രസെന്നിന്റേയും പ്രവർത്തനങ്ങൾ ഒരു ന്യൂനപക്ഷത്തെ അഭിസംബോധനചെയ്തുകൊണ്ടിരുന്നപ്പോഴാണ് ഇക്കാര്യത്തെക്കുറിച്ച് തികച്ചും അജ്ഞരായ കേരളത്തിലെ നിരക്ഷരസമൂഹം സ്വത്വസ്ഥാപനത്തിന്നായി കർമ്മനിരതരായത്. ഈ പ്രവർത്തനത്തിൽ ചാലകശക്തി എന്ന നിലയിലുള്ള ദൗത്യം ക്രൈസ്തവമിഷനറിമാർക്ക് ഉണ്ടായിരുന്നില്ല. എന്നുമാത്രമല്ല, കീഴാളസമൂഹത്തിന്റെ ഈ പ്രവർത്തനം ക്രൈസ്തവമിഷനറിമാർക്ക് എതിരായിരുന്നുവെന്ന് എം.എസ്.എസ്. പാണ്ഡ്യൻ വൈകുണ്ഠസ്വാമിയെക്കുറിച്ചുള്ള പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ചാന്നാർ സമുദായക്കാർ നടത്തിയ പോരാട്ടങ്ങൾ അവരെ ചൂഷണം ചെയ്ത സവർണ്ണജന്മിമാർക്കും അവരെ മതപരമായ അധികാരം ഉപയോഗിച്ച് ചൂഷണം ചെയ്യാൻ ശ്രമിച്ച ക്രൈസ്തവമിഷിനറിമാർക്കും എതിരായിട്ടായിരുന്നു.

സവർണ്ണജനസമൂഹത്തിൽ നടന്ന ആചാരപരിഷ്കരണപരിശ്രമങ്ങളായി കേരളീയ നവോത്ഥാനത്തെ അടയാളപ്പെടുത്തുവാനുള്ള ശ്രമങ്ങൾ തികച്ചും യാന്ത്രികമായി ഉത്തരേന്ത്യൻനവോത്ഥാനത്തിന്റെ വാർപ്പുമാതൃകകളെ പിന്തുടരുകയാണ് ചെയ്തത്. അക്കാരണത്താൽ, കേരളീയർക്ക് മുൻകൈ ഉണ്ടായിരുന്ന ഇന്ത്യൻ സർക്കസ്സിനെ, നവോത്ഥാനത്തിന്റെ ചരിത്രസന്ധിയിൽ രൂപംകൊണ്ട സാംസ്കാരികാവിഷ്കാരമാണ് അതെന്നു തിരിച്ചറിയുവാനോ വിലയിരുത്തുവാനോ നമ്മുടെ പഠനങ്ങൾക്കു സാധിക്കാതെപോയി. ഉത്തരേന്ത്യയിലെ സവർണ്ണ ഭ്രവുടമകൾക്കിടയിലുണ്ടായ പരിഷ്കരണപ്രസ്ഥാനത്തിന്റെ അളവുകോലിൽ വിലയിരുത്തുന്ന രീതി ഇന്നും തുടരുന്നതിനാലാണ് ദലിത്-ആദിവാസി സമൂഹങ്ങളുടെ സ്വത്വസ്ഥാപനത്തിനുവേണ്ടി നടക്കുന്ന പ്രവർത്തനങ്ങൾ പ്രാന്തവല്ക്കരിക്കപ്പെടുന്നത്. നവോത്ഥാനത്തെക്കുറിച്ചുള്ള ഇത്തരം അക്കാദമികവ്യവഹാരങ്ങളാണ് കേരളീയരുടെ പൊതുബോധത്തെ നിർണ്ണയിച്ചുകൊണ്ട് ഇന്നും നിലയുറപ്പിച്ചു നില്ക്കുന്നത്.

മഹാരാഷ്ട്രയിലെ കുരുന്ദ്വാഡ് രാജാവിന്റെ അശ്വാലയം സൂക്ഷിപ്പുകാരനായിരുന്ന വിഷ്ണുപന്ത് ഛത്രെയാണ് ഇന്ത്യൻ സർക്കസ്സിന്റെ

പിതാവ്. ഇറ്റലിയിൽനിന്ന് ഇന്ത്യയിൽ പര്യടനത്തിനെത്തിയ ചിരിനീസ് സർക്കസ്സിന്റെ ഉടമസ്ഥൻ തന്റെ അഭ്യാസപ്രകടനങ്ങൾ അനുകരിക്കാൻ ഒരു ഇന്ത്യാക്കാരനും സാധിക്കില്ലെന്ന് തന്റെ സർക്കസ്സ് പ്രദർശനത്തിനിടയിൽ പരസ്യമായി പ്രഖ്യാപിച്ചു. സ്വന്തം രാജ്യത്തിന്റെ അന്തസ്സിനേറ്റ അവഹേളനമായാണ് കുരുന്ദ്‌വാഡ് രാജാവിനും അദ്ദേഹത്തിന്റെ മിടുക്കനായ അശ്വാലയം സൂക്ഷിപ്പുകാരനും അനുഭവപ്പെട്ടത്. ചിരിനീസ് സർക്കസ്സ് ഉടമയുടെ പരസ്യമായ അവഹേളനം ഒരു വെല്ലുവിളിയായി വിഷ്ണുപന്ത് ഛത്രെ ഏറ്റെടുക്കുകയും അത് അവിടെവെച്ചുതന്നെ പരസ്യമായി പ്രഖ്യാപിക്കുകയുംചെയ്തു. ഒരു വർഷത്തിനകം ചിരിനീസ് സർക്കസ്സിന്റെ അഭിമാനമായിരുന്ന അശ്വാഭ്യാസങ്ങൾ അദ്ദേഹം സ്വയം പരിശീലിക്കുകയും അവതരിപ്പിക്കുകയും ചെയ്തുവെന്നാണ് ഇന്ത്യൻ സർക്കസ്സിന്റെ ഉത്ഭവത്തെക്കുറിച്ച് അംഗീകരിക്കപ്പെട്ട ചരിത്രം. ഛത്രെയുടെ പ്രകടനം നടക്കുന്നത് 1880 മാർച്ച് 20-ാംനു ആയിരുന്നു. ഛത്രെ പിന്നീട് ഒരു സർക്കസ്സ് കമ്പനിയുണ്ടാക്കി ഇന്ത്യയിൽ പര്യടനം നടത്തി. ഈ സർക്കസ് കേരളത്തിലുമെത്തി. തലശ്ശേരി ബാസൽ മിഷൻ സ്കൂളിൽ കായികാദ്ധ്യാപകനായിരുന്ന കീലേരി കുഞ്ഞിക്കണ്ണൻടീച്ചർ ഈ സർക്കസ്സുപ്രകടനം കണ്ടുവെന്നും അതിലെ അഭ്യാസങ്ങൾ സ്വയം പരിശീലിച്ചെന്നും സർക്കസ്സിന്റെ ചരിത്രകാരനായ കണ്ടനുള്ളി ബാലൻ[7] രേഖപ്പെടുത്തിയിട്ടുണ്ട്. മിടുക്കന്മാരും സാഹസികരുമായ തന്റെ വിദ്യാർത്ഥികളെയും കളരിയഭ്യാസം പരിശീലിച്ച നാട്ടുകാരെയും ഉൾപ്പെടുത്തിയാണ് ഛത്രെയുടെ സർക്കസ്സിലെ ഇനങ്ങൾ കീലേരി പരിശീലിപ്പിച്ചത്. കീലേരിയുടെ ശിഷ്യന്മാരായി ഈ വിദ്യകൾ പഠിക്കുകയും പിന്നീട് പരിശീലകരാവുകയും ചെയ്തവർ ടീച്ചർ എന്ന വിളിപ്പേരിൽ അറിയപ്പെട്ടു. കാരായി കൃഷ്ണൻ ടീച്ചർ, പരയാലി കണ്ണൻടീച്ചർ, കീഴന്തി ഗോപാലൻടീച്ചർ എന്നിവർ സർക്കസ്സ് അഭ്യാസങ്ങൾ കീലേരിയിൽനിന്ന് പരിശീലിക്കുകയും പിന്നീട് പരിശീലിപ്പിക്കുകയും ചെയ്തവരായിരുന്നു. ഇവരിലൂടെയും ഇവരുടെ ശിഷ്യപരമ്പരയിലൂടെയുമാണ് ഇന്ത്യൻ സർക്കസ്സ് മലയാളികളുടെ കുത്തകയായിത്തീർന്നത്. ഇന്ത്യയിൽ ആദ്യമായി സർക്കസ്സ് പരിശീലനത്തിനായി ഒരു സ്ഥിരം കളരി സ്ഥാപിക്കപ്പെടുന്നത് 1901-ൽ തലശ്ശേരിയിലാണ്. കീലേരി കുഞ്ഞിക്കണ്ണൻടീച്ചറായിരുന്നു അതിന്റെ സ്ഥാപകൻ. പിന്നീട് കീലേരിയുടെ ശിഷ്യനായ എം. കെ. രാമൻ ടീച്ചർ അതിന്റെ സാരഥിയായി.

ഛത്രെയുടെ സർക്കസ്സ്പര്യടനം കേരളത്തിൽ ഉണർത്തിയതുപോലെ ഒരു താല്പര്യം മറ്റുപ്രദേശങ്ങളിൽ ഉണർത്തിയതായി

കാണുന്നില്ല. തലശ്ശേരിയിൽ കീലേരിയും ശിഷ്യന്മാരും സർക്കസ്സിൽ ആസക്തരാവുകയും സർക്കസ്സ് അഭ്യാസികൾ എന്ന നിലയിൽ സ്വയം പരിശീലനം നടത്തുകയും ചെയ്തു. അവരും ശിഷ്യന്മാരും തൊഴിൽ എന്ന നിലയിൽ സർക്കസ്സ് സ്വീകരിക്കുകയും ഒരു തൊഴിൽമേഖല എന്ന നിലയിൽ തങ്ങളുടെ ശിഷ്യരെ സർക്കസ്സിലേക്കു നയിക്കുകയും ചെയ്തു. കേരളത്തിലെ കളരിസമ്പ്രദായവും ആയോധനകലാപാരമ്പര്യവുമാണ് മലയാളികൾക്ക് സർക്കസ്സിനോട് രൂപപ്പെട്ട താല്പര്യത്തിന്റെ ഹേതുവായി പൊതുവേ പറയാറ്. എന്നാൽ കേരളത്തിലേതിന് സമാനവും നമ്മുടേതിനേക്കാൾ വൈചിത്ര്യപൂർണ്ണവുമായ ആയോധനകലാപൈതൃകം ഇന്ത്യയിൽ മറ്റുപ്രദേശങ്ങളിൽ ഇന്നും നിലവിലുണ്ട്. എന്നിരിക്കെ മലയാളികൾക്കു സവിശേഷമായി സർക്കസ്സിൽ താല്പര്യമുണരുവാൻ കാരണമെന്ത് എന്ന ചോദ്യവും അന്വേഷണവിഷയമാണ്. പത്തൊമ്പതാം ശതകത്തിൽ കേരളത്തിൽ നിലവിലിരുന്ന കളരിസമ്പ്രദായവും ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലെ സദൃശമായ ആയോധനകലകളും ഉത്തരേന്ത്യയിലെ ഗുസ്തിസമ്പ്രദായവുമായി ബന്ധപ്പെട്ട അഖ്ഡാ പാരമ്പര്യവും സർക്കസ്സുമായി ഏതു രീതിയിൽ ബന്ധം പുലർത്തുന്നുവെന്ന ചോദ്യവും ഈ സന്ദർഭത്തിൽ പ്രസക്തമാകുന്നു. മേല്പറഞ്ഞവയിൽ ഏതെങ്കിലും ഒന്ന് ആധുനികസർക്കസ്സിന്റെ അടിത്തറയായിത്തീരുമോ? ഈ ചോദ്യത്തിന് സർക്കസ്സും സംസ്കാരവും[8] (Circus and Culture, Indiana University) എന്ന തന്റെ കൃതിയുടെ കർത്താവായ പോൾ ബൂയ്സ്സാക്കിന്റെ പഠനം ഉത്തരം നല്കുന്നുണ്ട്. സർക്കസ്സും സംസ്കാരവും എന്ന തന്റെ കൃതിയിൽ ചിഹ്നവിജ്ഞാനത്തിന്റെ ഉപദർശനങ്ങളുടെ വെളിച്ചത്തിൽ നിഷ്കൃഷ്ടമായ സാംസ്കാരിക വ്യവഹാരങ്ങളാണ് സർക്കസ്സ് എന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഇന്ത്യൻ സർക്കസ്സിനെ മുൻനിർത്തി അദ്ദേഹം നടത്തിയ പഠനങ്ങളിൽ പങ്കാളിയാകുവാനുള്ള അവസരം ഈ ലേഖകന് ലഭിച്ചിട്ടുണ്ട്. മിത്തിന്റേയും ഇന്ത്യൻ കൊറിയോഗ്രാഫിയുടേയും സ്വാധീനം ഇന്ത്യൻ സർക്കസ്സിൽ എപ്രകാരമാണ് പ്രകടമാകുന്നതെന്ന ഒരു പഠനം പോൾ ബൂയ്സാക്ക് നിർവ്വഹിച്ചിട്ടുണ്ട്.

കേരളത്തിൽ ഇന്നു നിലനില്ക്കുന്ന വിദ്യാഭ്യാസവ്യവസ്ഥപോലെ സർക്കസ്സും ഒരു പാശ്ചാത്യമാതൃകയുടെ അടിസ്ഥാനത്തിലുള്ള ഘടനയാണ്. ആശയവിനിമയവ്യവസ്ഥയുടേയും അതിന്റെ ധർമ്മത്തിന്റേയും അളവുകോലുകൾവെച്ച് പരിശോധിക്കുമ്പോൾ കളരിയും ഗുസ്തിയും സർക്കസ്സുമായി അതിവിദൂരമായ ബന്ധം മാത്രമേ പുലർത്തുന്നുള്ളൂ എന്ന് വ്യക്തമാകും. നിരവധി അഭ്യാസപ്രകടനങ്ങളാണ് ഓരോ സർക്കസ്സ് അവതരണത്തിലും ഉണ്ടാവുക. അവ ഒരു നിശ്ചിതമായ

ക്രമത്തിൽ അടുക്കിയാണ് ഓരോ അവതരണവും ചിട്ടപ്പെടുത്തുന്നത്. അതിനാൽ ഓരോ സർക്കസ്സ് പ്രകടനത്തിനും ഒരു സവിശേഷമായ ഘടനയുണ്ടെന്നും ഈ ഘടന ഒരു നിശ്ചിതമായ സന്ദേശം നല്കുന്ന ആശയാവിഷ്കരണമാണെന്നും പോൾ ബൂയ്സ്സാക് തന്റെ പഠനങ്ങളിലൂടെ വ്യക്തമാക്കുന്നു. സർക്കസ്സ്പ്രകടനത്തിലെ ഓരോ ഇനവും ഈ ഘടനയുടെ അനുക്രമമായ വികാസത്തിനു യോജിച്ച രീതിയിലാണ് ഉൾക്കൊള്ളിക്കപ്പെടുന്നത്. അതിനാൽ ഒരു സർക്കസ്സ് കമ്പനി ഒരു ദിവസം അവതരിപ്പിക്കുന്ന ഇരുപത് അല്ലെങ്കിൽ ഇരുപത്തിയഞ്ച് ഇനങ്ങൾ അവർ അവതരിപ്പിക്കുന്ന അമ്പതോ അറുപതോ ഇനങ്ങളിൽ നിന്ന് ശ്രദ്ധാപൂർവ്വം തെരഞ്ഞെടുത്ത് സംഘടിപ്പിക്കപ്പെടുന്നതാണ് എന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഈ ഘടന ഒരു നിശ്ചിതമായ സാംസ്കാരികവിനിമയമാണ് നിർവ്വഹിക്കുന്നതെന്ന് പറഞ്ഞു. ഇത്തരം ഒരു ചിന്താപദ്ധതി, സർക്കസ്സ് കലാകാരനെ/കലാകാരിയെ 'സാമ്പ്രദായിക'മായ രീതിയിലല്ലാതെ കാണാൻ നമ്മുക്ക് അവസരം നല്കുന്നുണ്ട്. നാടകത്തിന്റെ അരങ്ങിൽ ഒരു കലാകാരൻ/കലാകാരി നിർവ്വഹിക്കുന്നതിന് സമാനമായ കർത്തവ്യമാണ് സർക്കസ്സിലെ കലാകാരന്മാരും ക്ലൗണുകളും നിർവ്വഹിക്കുന്നത് എന്ന് മനസ്സിലാക്കാൻ ഇത് നമ്മെ സഹായിക്കുന്നു.

കേരളഗാന്ധി എന്ന് അറിയപ്പെട്ട കെ. കേളപ്പന്റെ ജീവചരിത്രത്തിൽ[9], ഉത്തരകേരളത്തിലെ കളരിയുടെ പുനരുജ്ജീവനത്തിന് അദ്ദേഹം നല്കിയ സംഭാവനകൾ എം.പി. മന്മഥൻ രേഖപ്പെടുത്തിയിട്ടുണ്ട്. പഴശ്ശിരാജയുമായുള്ള യുദ്ധം, മലബാർ കലാപം എന്നിവ ഉത്തരകേരളത്തിന്റെ ആയോധനകലാപരിശീലനത്തെ നിരോധിക്കുവാൻ ബ്രിട്ടീഷ് ഭരണകൂടത്തെ പ്രേരിപ്പിച്ചു. കളരികൾ നിർത്തലാക്കപ്പെടുകയും ആയുധപരിശീലനം കുറ്റകരമായി വിലയിരുത്തുകയുംചെയ്തു. ഇതിനെതിനിരരെയുള്ള ഒരു പ്രതികരണം എന്ന നിലയിലാണ് ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി കേളപ്പജി കളരികൾ പുനരുജ്ജീവിപ്പിക്കുന്നത്. ഈ നിലയിൽ രാഷ്ട്രീയമായ ഉള്ളടക്കമുള്ള ഈ പ്രവർത്തനം, ഇതിലുപരിയായി ശരീരം, സ്വത്വം, ആവിഷ്കാരം എന്നിവ തമ്മിലുള്ള സംഘർഷം അന്തർഭവിച്ചിട്ടുള്ള ഒരു സവിശേഷമായ ചരിത്രസന്ധിയായിരുന്നു അതെന്ന് ഇന്നു നമുക്കു വെളിപ്പെടുത്തിത്തരുന്നുണ്ട്.

ഫ്യൂഡൽകാലഘട്ടത്തിൽനിന്ന് വ്യത്യസ്തമായി വ്യക്തിത്വം പ്രാമുഖ്യം നേടുന്ന ചരിത്രസന്ധിയാണ് ആധുനികത. വ്യക്തി, താൻ ആരെന്നു തിരിച്ചറിയുകയും സ്വന്തം സ്വത്വം ആവിഷ്കരിക്കാനുള്ള ശ്രമങ്ങളിൽ

വ്യാപൃതനാവുകയും ചെയ്യുന്ന അത്തരം ഒരു ഘട്ടത്തിൽ കേരളീയസമൂഹത്തിൽ സ്വത്വാവിഷ്കാരത്തിനുള്ള ഉപാധി എന്ന നിലയിൽ സർക്കസ്സ് സ്വീകരിക്കപ്പെടുകയായിരുന്നു. സ്വത്വം ശരീരനിരപേക്ഷമായ ഒരു സംപ്രത്യയമല്ല. കായികാഭ്യാസങ്ങളും ആയോധനകലകളും ശാരീരികതയിൽ ഊന്നിനില്ക്കുന്ന കലാവിഷ്കാരങ്ങളാണ്. പഴയ സാമൂഹികാവസ്ഥയിൽ സ്വത്വാവിഷ്കരണമെന്ന നിലയിലല്ലാതെ വ്യവസ്ഥാപിതമായ സ്ഥാപനങ്ങളെ സേവിക്കുകയാണ് ശരീരനിഷ്ഠമായ കലകൾ ചെയ്തിരുന്നത്. ഇന്നും കളരി ആധുനികതയുടെ വ്യവഹാരമണ്ഡലത്തിൽ പ്രവേശനമില്ലാതെ തുടരുവാനുള്ള കാരണം ഇതുതന്നെയാണ്. പത്തൊമ്പതാം ശതകത്തിന്റെ സാംസ്കാരികാവസ്ഥയിൽ ശരീരത്തെ സ്വത്വാവിഷ്കരണത്തിനുള്ള ഉപാധിയെന്ന നിലയിൽ പരിവർത്തിപ്പിക്കുകയാണ് കീലേരി കുഞ്ഞിക്കണ്ണൻടീച്ചർ ചെയ്തത്. അതിനാൽ കളരിയുടെ പുനരുജ്ജീവനശ്രമത്തെക്കാൾ ക്രാന്തദർശിത്വം കീലേരിയുടെ പരിശ്രമങ്ങൾക്കുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാം. ഒരു തൊഴിൽ എന്ന നിലയിൽ സർക്കസ്സ് സ്വീകരിച്ച തലശ്ശേരിയിലും പരിസരങ്ങളിലുമുള്ള കീഴാളജനവിഭാഗത്തിന് ഇത് വിമോചനമാർഗ്ഗം കൂടി ആയിരുന്നു. ഇന്ത്യയിൽ മറ്റു പ്രദേശങ്ങളിൽ സമാനമായ ശാരീരികകലകൾ ഉണ്ടായിരുന്നെങ്കിലും അവിടെ ആർക്കും കീലേരിക്ക് സാദ്ധ്യമായ സാഹസികത നിറഞ്ഞതും ഉൾക്കാഴ്ചയുടെ പ്രകാശത്താൽ നയിക്കപ്പെട്ടതുമായ ഇത്തരം ദൗത്യം ഏറ്റെടുക്കാൻ കഴിയാതെ പോയി. ഇതിനു കാരണം സാമൂഹികശാസ്ത്രപരമാണ്. അത് കേരളീയനവോത്ഥാനത്തിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു. കേളപ്പജി പുനരുജ്ജീവിപ്പിച്ച കളരിയിൽ നിന്ന് സർക്കസ്സിന് ഒരു നേട്ടവും ഉണ്ടായില്ല. പില്ക്കാലത്ത് ഇത്തരം ആയോധനകലാപൈതൃകം തികച്ചും പ്രതിലോമപരമായ ഉള്ളടക്കത്തോടെയാണ് രാഷ്ട്രീയമായി ഉപയോഗിക്കപ്പെട്ടത് എന്ന് നമ്മുക്കറിയാം.

ദേശീയത, സ്വത്വം, ശരീരം എന്നിവ ഉൾക്കൊള്ളുന്ന സവിശേഷമായ ഒരു പ്രശ്നപരിസരമാണ് കീലേരി കുഞ്ഞിക്കണ്ണൻടീച്ചർ പ്രതിനിധാനം ചെയ്യുന്നത് എന്നു സൂചിപ്പിക്കാനാണ് ഞാൻ ഉദ്യമിക്കുന്നത്. മലയാള സാഹിത്യത്തിലെ ആധുനികകാലഘട്ടവുമായി ബന്ധപ്പെട്ട സാഹിത്യകൃതികൾ ശരീരത്തിന്റെ വിവരണത്തെ സ്വത്വാവിഷ്കാരത്തിന്റെ രൂപങ്ങൾ എന്ന നിലയിൽ അവതരിപ്പിക്കുന്നുണ്ട്. മണിപ്രവാള സാഹിത്യത്തിലെ നായികാവർണ്ണനയും ചന്തുമേനോൻ ഇന്ദുലേഖയെ[10] വർണ്ണിക്കുന്നതും താരതമ്യംചെയ്താൽ ഇക്കാര്യം വ്യക്തമാകും. സി.വി. രാമൻപിള്ളയുടെ[11] സുഭദ്ര ആത്മത്യാഗപരമായ ദൗത്യം ഏല്ക്കുകയും

പില്ക്കാലത്ത് പൈങ്കിളിഭാഷയിൽ 'സൂര്യപുത്രി'[12]യായി പരിണമിക്കുകയും ചെയ്തു. അനന്തപത്മനാഭൻ ശാരീരികക്ഷമതയുടെ അസാമാന്യമായ തലത്തിൽ ഉയർന്ന് സാഹസികനായകനായി പരിണമിക്കുന്നു. ആധുനികതയുടെ കാലഘട്ടം സാഹിത്യത്തിൽ ഇപ്രകാരം അതിഭാവുകത്വത്തോടെ അസംബന്ധതയുമായി സംബന്ധത്തിലേർപ്പെടുമ്പോൾ അതിൽനിന്നും വേറിട്ട് ശരീരത്തെ സ്വത്വാവിഷ്കാരത്തിന്റെ വാഹകമാക്കി വളർത്തുകയും സർക്കസ്സ് കലയുടെ സാംസ്കാരികാവിഷ്കാരത്തിന്റെ ഭാഗമാക്കുകയും ചെയ്തവരാണ് സർക്കസ്സിലെ കലാകാരന്മാരും കലാകാരികളും. നോവൽ, ചെറുകഥ, നാടകം എന്നിവപോലെ സർക്കസ്സും പാശ്ചാത്യമാതൃകയുടെ സ്വദേശീയമായ രൂപത്തെ സൃഷ്ടിക്കുവാൻ ശ്രമിക്കുകയായിരുന്നു. മിത്തോ-കോറിയോഗ്രഫിക് സ്കെച്ചേഴ്സ് ഇൻ ഇന്ത്യൻ സർക്കസ്സ് എന്ന പ്രബന്ധത്തിൽ പോൾ ബൂയ്സാക്ക് ഈ വസ്തുത വെളിവാക്കിയിട്ടുണ്ട്. സർക്കസ്സ് അടിസ്ഥാനപരമായി പാശ്ചാത്യമാണെങ്കിലും അത് നമ്മുടെ കലാ-സാംസ്കാരികാവിഷ്കാരത്തിനുള്ള സമർത്ഥമായ രൂപമാക്കി നാം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ഒരു പാൻ-ഇന്ത്യൻ വാർപ്പുമാതൃക പിന്തുടരാനാണ് നമ്മുടെ നവോത്ഥാനപഠനങ്ങൾ ശ്രമിച്ചതെന്ന് നേരത്തെ സൂചിപ്പിച്ചു. സാഹിത്യചർച്ചയിൽ നവോത്ഥാനത്തിന്റേയും ദേശീയതയുടേയും ഉറവകൾ തെരയുമ്പോൾ വി.ടി. ഭട്ടതിരിപ്പാടിന്റെ അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്[13]എന്ന നാടകവും നമ്പൂതിരിയെ മനുഷ്യനാക്കൽ എന്ന പ്രഖ്യാപനവും നമ്മുടെ ചിന്തയെ തളച്ചിട്ടു. കേരളീയനവോത്ഥാനത്തിന്റെ ധാരയിൽ ഏറ്റവും ഒടുവിൽ മാത്രം കടന്നുവന്ന നമ്പൂതിരിമാർ അതിന്റെ കേന്ദ്രമാകുന്ന വിധത്തിൽ വിന്യസിക്കപ്പെട്ട ഒരു വ്യവഹാരമാക്കി നവോത്ഥാനപഠനത്തെ മാറ്റിത്തീർക്കുന്നതിൽ നിർണ്ണായകമായ പങ്ക് സാഹിത്യാധിഷ്ഠിതപഠനങ്ങൾക്കുണ്ട്. ഭാവുകത്വപരമായി മലയാളസാഹിത്യത്തിൽ പ്രകടമായ കാലുഷ്യങ്ങൾ ആധുനികതയെക്കുറിച്ചുള്ള നമ്മുടെ അവബോധത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മലയാളത്തിലെ നോവൽ-ചെറുകഥാസാഹിത്യങ്ങൾ ജീവിതയാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്നതിന് സമാന്തരമായി കവിതയിൽ കാല്പനികവസന്തമായിരുന്നു. തകഴി-ദേവ്-ബഷീർ കാലഘട്ടത്തിന് സമാന്തരമായി കവിതയിൽ ഇടപ്പള്ളിയും ചങ്ങമ്പുഴയും നായകത്വം വഹിക്കുകയായിരുന്നു. ഒരേസമയം വ്യത്യസ്തവും വിരുദ്ധവുമായ കാഴ്ചപ്പാടുകൾ കൊണ്ടുനടക്കുവാനുള്ള നമ്മുടെ സഹജമായ സിദ്ധിയുടെ ഒരു ഉദാഹരണമാണിത്. ആധുനികത അതിന്റെ വികാസസഗതിയിൽ ഒടുവിൽ ദാർശനികമായി അസ്തിത്വവാദത്തിൽ

ഉറച്ചുനിന്നതിനുശേഷവും കവിതയിൽ നാം നവകാല്പനികഭാവുക ത്വത്തിന്റെ മസൃണാനുഭവങ്ങളുടെ ഉപഭോക്താക്കളായിരുന്നു. ഇത് സാഹിതീയമായ ഭാവുകത്വത്തിന്റെ പ്രശ്നം മാത്രമല്ല. അത് നമ്മുടെ സ്വത്വബോധത്തിന്റെ പ്രശ്നം കൂടിയാണ്. മനുഷ്യജീവിതത്തിന്റെ യഥാർ ത്ഥപ്രശ്നങ്ങൾ അഭിമുഖീകരിച്ചവർ, അയ്യങ്കാളിയായാലും ശ്രീനാരായണ ഗുരുവായിരുന്നാലും, അക്കാലത്തെ പാശ്ചാത്യദർശനമാതൃകയേതെന്ന ചിന്താക്ലേശം അനുഭവിച്ചവരല്ല. ശ്രീനാരായണഗുരുവും മഹാത്മാഗാ ന്ധിയും തമ്മിലുള്ള അഭിമുഖസംഭാഷണം ഇതിന് ഉദാഹരണമാണ്. അവർ രണ്ടുപേരും അഭിസംബോധനചെയ്യുന്ന പ്രശ്നങ്ങൾ ഒന്നല്ല എന്ന തിരിച്ചറിവിന്റെ പ്രകാശമാണ് ഈ സംഭാഷണത്തെ പ്രസക്തമാക്കു ന്നത്. വാർപ്പുമാതൃകകളുടെ പ്രയോഗം നമ്മുടെ സാംസ്കാരികാവസ്ഥയെ തിരിച്ചറിയുന്നതിന് പലപ്പോഴും മതിയായ വെളിച്ചം നല്കുന്നില്ല.

മലയാളസാഹിത്യത്തിൽ ആധുനികതയുടെ കാലംമുതൽ വ്യത്യ സ്തങ്ങളായ രൂപത്തിൽ സർക്കസ്സ് പരാമർശിക്കപ്പെട്ടിട്ടുണ്ട്. ചെറുക ഥാസാഹിത്യത്തിൽ ഉറൂബിന്റെ രചനകൾ സവിശേഷപരാമർശം അർഹിക്കുന്നു. ഈ കഥകളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് നായരു പിടിച്ച പുലിവാല് എന്ന സിനിമയും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഉത്തരകേരളത്തിൽ കിട്ടുണ്ണി സർക്കസ്സ് എന്ന ഒരു ചൊല്ല് നിലവിലുണ്ട്. ഒരാൾ തന്നെ എല്ലാ പണിയും ചെയ്യുന്ന ദരിദ്രമായ ഒരു സ്ഥാപനം എന്നാണ് ഇതിന്റെ സൂചന. സർക്കസ്സിന്റെ ഇത്തരം പ്രതിനിധാനങ്ങൾ ഒരു സമൂഹം എന്നനിലയിൽ കേരളീയരുടെ ചിന്തയെ അത് സ്വാധീ ച്ചിരുന്നുവെന്നതിന്റെ തെളിവായി കണക്കാക്കാം. സൗഹൃദപൂർവ്വവും സരസവുമായ ഇത്തരം സർക്കസ്സ് പ്രതിനിധാനങ്ങളല്ല ഇന്ന് നിലവിലു ള്ളത്. ചൂഷണം, പീഡനം, സഹനം എന്നിവയുടെ ഒരു പ്രതിരൂപമാണ് മുഖ്യധാരാവ്യവഹാരങ്ങളിൽ ഇന്ന് സർക്കസ്സ്. എം.ടി. വാസുദേവൻ നായരുടെ വളർത്തുമൃഗങ്ങൾ[14] എന്ന ചെറുകഥ ഇതുവരെ മലയാളികൾ സർക്കസ്സിനെ കണ്ടതിൽനിന്നും വ്യത്യസ്തമായ രീതിയിൽ കാണാൻ വഴിയൊരുക്കി. കഥാശീർഷകം സൂചിപ്പിക്കുന്നതുപോലെ സർക്ക സ്സിലെ കലാകാരന്മാരും കലാകാരികളും വളർത്തുമൃഗങ്ങളാണെന്നും മെരുക്കി കൂട്ടിലടച്ച സിംഹം, കടുവ എന്നിവയോടൊപ്പമാണ് അവരുടെ സ്ഥാനമെന്നും ഈ ചെറുകഥ മലയാളികളെ ധരിപ്പിച്ചു. എന്നാൽ സർക്കസ്സിനെക്കുറിച്ചുള്ള നേരനുഭവമുള്ളവർ ഒരിക്കലും ഇങ്ങനെയല്ല സർക്കസ്സിനെ കാണുന്നത്. സർക്കസ്സിനെ അകത്തും പുറത്തുംനിന്ന് കാണുന്നതിന്റെ അന്തരമാണ് എം.ടി. വാസുദേവൻനായരുടെയും അദ്ദേഹത്തിന്റെ പൂർവ്വികരുടേയും സർക്കസ് പ്രതിനിധാനങ്ങൾ

വെളിപ്പെടുത്തുന്നത്. മാനുഷികപരിഗണന നല്കാതിരിക്കുകയും ജീവിതം ക്ലേശകരമാക്കുകയും ചെയ്ത സമൂഹത്തിൽനിന്നും രക്ഷപ്പെടുത്തുകയും കാല്പനികമായ സൗന്ദര്യത്തോടെയല്ലെങ്കിലും സ്നേഹവും സംരക്ഷണവും നല്കുകയും ചെയ്ത സർക്കസ്സ് അവർക്ക് ജീവിതംപോലെ അനിർവ്വചനീയമായ യാഥാർത്ഥ്യമാകുന്നു.

സ്വയം ഒരു സർക്കസ് കലാകാരനായിരുന്ന ശ്രീധരൻ ചമ്പാടിന്റെ[15] രചനകളിൽ സർക്കസ്സിലെ കലാകാരന്മാർ പ്രകടമാക്കുന്ന സ്നേഹദ്വേഷബന്ധം ശ്രദ്ധേയമാണ്. സർക്കസ്സ് വിട്ടുപോരാൻ ആഗ്രഹിക്കുകയും എന്നാൽ അങ്ങിനെ സാധിക്കാതിരിക്കുകയുംചെയ്യുന്ന ഇതിലെ കഥാപാത്രങ്ങൾ സർക്കസ്സിനെ ജീവിതംതന്നെയായി കാണുന്നുവെന്ന് പറയുന്നത് ഒട്ടും ആലങ്കാരികമായല്ല. നല്ലവരും ദുഷിച്ചവരുമായ മനുഷ്യർ എവിടെയുമുണ്ടെന്നതുപോലെ സർക്കസ്സിലുമുണ്ട്. അവർക്കിടയിൽ എല്ലാ മാനുഷികവികാരങ്ങളുമുണ്ട്. എന്തുതന്നെ സംഭവിച്ചാലും കളി നടക്കണം, ദ ഷോ മസ്റ്റ് ഗോ ഓൺ, എന്നു പറയുന്നത് ജീവിതത്തെക്കുറിച്ചുതന്നെയാണ്. കളിയും ജീവിതവും അവിച്ഛിന്നമായി കിടക്കുകയാണിവിടെ. സർക്കസ്സിൽ ജോലിചെയ്യുകയും നേരനുഭവങ്ങളുടെ പ്രകാശത്തിൽ രചനനടത്തുകയും ചെയ്യുന്ന ശ്രീധരൻ ചമ്പാടിന്റേതിൽ നിന്നും വ്യത്യസ്തമായ സർക്കസ്സ് പ്രതിനിധാനമാണ് മുഖ്യധാരാവ്യവഹാരങ്ങളിൽ ഇപ്പോൾ നിലവിലുള്ളതെന്ന് സൂചിപ്പിച്ചു. മൃഗസമാനമായ ജീവിതാവസ്ഥയാണ് സർക്കസ്സിലേത് എന്നും ചൂഷണത്തിന്റേയും പീഡനത്തിന്റേയും ലോകമാണ് സർക്കസ്സ് എന്നും ഈ വീക്ഷണം നിർദ്ദേശിക്കുന്നു. ചൂഷക-ചൂഷിത ബന്ധത്തെക്കുറിച്ച് നാം ഉല്ക്കണ്ഠാകുലരായ ജീവത്സാഹിത്യകാലത്തുപോലും ഇത്രത്തോളം അനാരോഗ്യകരമായ അന്തരീക്ഷമാണ് സർക്കസ്സിലേത് എന്ന് നാം കരുതിയിരുന്നില്ല. മുഖ്യധാരാവ്യവഹാരങ്ങളിലും പത്രപ്രവർത്തനത്തിലും കാലം തെറ്റിപ്പിറന്ന ഈ സങ്കല്പം മനുഷ്യജീവിതത്തെക്കുറിച്ചും ജീവിതയാഥാർത്ഥ്യങ്ങളെക്കുറിച്ചുമുള്ള കാല്പനികമായ വ്യാഖ്യാനമാണ്. ഒരു താരകയെക്കാൺകെ രാവ് മറക്കുന്ന കാല്പനികതയ്ക്ക് ജീവിതത്തോട് ഉദാസീനമാകാൻ സാധിച്ചുവെന്നു വരാം. മലയാളകഥാസാഹിത്യത്തിലെ ഹ്യൂമനിസ്റ്റ് എന്ന വിളികൊണ്ട ഉറൂബ് കണ്ടതിൽ നിന്നും വ്യത്യസ്തമായ കാഴ്ചയാണ് എം.ടി. വാസുദേവൻനായർ വളർത്തുമൃഗങ്ങൾ എന്ന കഥയിൽ അവതരിപ്പിക്കുന്നത്. കൈരളി ടിവിക്കു വേണ്ടി ദീപക് നാരായണൻ സർക്കസ്സിനെക്കുറിച്ച് (നാട്ടകം എന്ന സാംസ്കാരികപത്രികാപരമ്പരയിൽ) ഒരു പരിപാടി അവതരിപ്പിച്ചിരുന്നു. സർക്കസ്സിനെക്കുറിച്ചുള്ള മുഖ്യധാരാവ്യവഹാരങ്ങളിലേതിൽ നിന്നും വ്യത്യസ്തമായ സ്വരമാണ്

പ്രസ്തുതപരിപാടിയിൽ സംസാരിച്ച മുൻകാല സർക്കസ്സ് കലാകാരന്മാർ പ്രകടിപ്പിച്ചതു്. മിശ്രവിവാഹത്തെത്തുടർന്ന് നാട്ടുകാരിൽ നിന്ന് ഭീഷണി നേരിടേണ്ടിവന്നപ്പോൾ ജാതിയും മതവുമൊന്നുമില്ലാത്ത സർക്കസ്സിന്റെ തമ്പായിരുന്നു തന്റെ അഭയസ്ഥാനം എന്ന് സരസമായി സ്മരിക്കുന്നവർ മുതൽ പെൻഷൻ കിട്ടാത്തതിന്റെ പരാതി പറയുമ്പോഴും സർക്കസ്സാണ് തന്റെ ജീവിതമെന്ന് അനുസ്മരിക്കുന്ന കലാകാരിവരെ സർക്കസ്സിന്റെ നേരനുഭവമാണ് വിവരിക്കുന്നത്. ചിത്രകാരനായ പാബ്ലോ പിക്കാസ്സോ സർക്കസ്സിന്റെ ആരാധകനായിരുന്നു. ചലച്ചിത്രകാരന്മാരായ ചാർലി ചാപ്ലിനും ഫ്രെഡറിക്കോ ഫെല്ലിനിയും സർക്കസ്സിൽ അനുരക്തരായിരുന്നു. ഒരു പക്ഷേ, ഒരു സിനിമാക്കാരനായിരുന്നില്ലെങ്കിൽ ഞാൻ സർക്കസ്സുകാരനാകുമായിരുന്നുവെന്ന് ഫെല്ലിനി പറഞ്ഞിട്ടുണ്ട്. നമ്മുടെ ആഢ്യസാംസ്കാരികവ്യവഹാരങ്ങൾക്കിടയിൽ സർക്കസ്സ് പ്രാന്തവത്കരിക്കപ്പെട്ടതാണെങ്കിലും അരവിന്ദനെ സർക്കസ്സും ശ്രീധരൻ ചമ്പാടിന്റെ നോവലും ആകർഷിച്ചിട്ടുണ്ട്. മലയാള സാഹിത്യചരിത്രത്തിലെ സർക്കസ്സ് പ്രതിനിധാനത്തിന്റെ തിളക്കമുള്ള മാതൃകയാണ് ശ്രീധരൻ ചമ്പാടിന്റെ അന്തരം എന്ന നോവൽ. ഉറൂബിന്റേത് ഉൾപ്പെടെ മലയാളത്തിലെ സർക്കസ്സ് കഥകളോടൊപ്പം അരവിന്ദന്റെ തമ്പ് എന്ന സിനിമയോടൊപ്പം കണ്ടമ്പുള്ളി ബാലന്റെ സർക്കസ്സ് എന്ന പഴയ പുസ്തകത്തോടൊപ്പം ഹൃദയത്തോട് ചേർത്തുവെക്കാൻ ഞാൻ ഇഷ്ടപ്പെടുന്ന പുസ്തകമാണിത്.

കൊളോണിയൽ ആധുനികതയുടെ സവിശേഷത, ദേശീയതയെക്കുറിച്ച് അത് രൂപപ്പെടുത്തിയ ധാരണകളാണ്. കേരളീയനവോത്ഥാനത്തിന്റെ സർഗ്ഗമാതൃകകളെല്ലാം കേരളത്തിന്റെ ദേശകാലങ്ങളുടെ പരിധിക്കുള്ളിൽ ലോകത്തെ ഒതുക്കിയപ്പോൾ സർക്കസ്സ് ദേശാന്തരസഞ്ചാരത്തിലൂടെ ലോകത്തിന്റെ വിസ്തൃതിയെ നേരിട്ട് അറിഞ്ഞു. സർക്കസ്സിന്റെ വിനിമയം എല്ലായ്പ്പോഴും സാർവ്വലൗകികമായ വിനിമയതലം സ്പർശിക്കുവാനുള്ള സന്നദ്ധതയോടെ ലോകത്തെ അഭിമുഖീകരിച്ചു. മലയാളത്തിലെ മികച്ച സാഹിത്യകൃതികൾ അഭിസംബോധന ചെയ്യുന്ന കൊച്ചുസമൂഹങ്ങൾക്കു പകരം ഓരോ സർക്കസ്സ് പ്രകടനവും പൊതുസമൂഹത്തെ മൊത്തത്തിലാണ് അഭിസംബോധന ചെയ്തിരുന്നത് എന്ന് ഓർക്കുക. പ്രാദേശികവും വിഭാഗീയവുമായ വിനിമയമല്ല സർക്കസ്സിന്റേത്. ഇന്ത്യൻ സർക്കസ്സ് ദേശീയമായ ഒരു സ്വത്വം സർക്കസ്സ് ലോകത്തിൽ അടയാളപ്പെടുത്തുമ്പോൾ സമാന്തരമായി ലോകമാസകലമുള്ള സർക്കസ്സ് പൈതൃകത്തിന്റെ ഭാഗമായിരിക്കുകയും ചെയ്യുന്നു. സ്വന്തം മുരിങ്ങാച്ചുവട്ടിൽനിന്ന് കാണാവുന്ന ആകാശപരിധിയാണ്

ലോകം എന്ന് മേനി നടിക്കുന്ന നമ്മുടെ ധൈഷണികകാലാവസ്ഥയിൽ ഇത്തരം നേർകാഴ്ചകൾ കൗശലമില്ലാത്തവന്റെ വിഡ്ഢിത്തമായി പരിഹസിക്കപ്പെട്ടേക്കാം. വിഡ്ഢിയുടെ തലയിൽ ഏത് കോമാളിത്തൊപ്പിയും കയറ്റിവെക്കാൻ വളരെ എളുപ്പമാണ്.

ഗ്രന്ഥസൂചി

1. ബാലകൃഷ്ണൻ പി.കെ., 1957, ചന്തുമേനോൻ ഒരു പഠനം, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.
2. ശങ്കരൻ, തായാട്ട്, 1973. ആശാൻ നവോത്ഥാനത്തിന്റെ കവി, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം .
3. ശങ്കരൻ, തായാട്ട്, 1986, വള്ളത്തോൾ നവയുഗത്തിന്റെ കവി, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
4. ശങ്കരൻ, തായാട്ട്, 2000, ഭാരതീയനവോത്ഥാനത്തിന്റെ രൂപരേഖ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
5. സുകുമാർ അഴീക്കോട്, 1981, മലയാള സാഹിത്യവിമർശനം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
6. M.S.S. Pandian, 1992, Meaning of 'Colonialism' and 'Nationalism' : An Essay on Vaikunda Swamy Cult, Studies in History,Vol.8, No.2.
7. ബാലൻ, കണ്ടമ്പുള്ളി, 1961, സർക്കസ്സ്, പരിഷത്ത് സഹകരണസംഘം, എറണാകുളം.
8. Paul Bouissac, 1976, Circus and Culture, Indiana University Press.
9. മന്മഥൻ, എം.പി., 1984, കേളപ്പൻ, കേരള വസർവ്വോദയ മണ്ഡലം, തിരുവനന്തപുരം.
10. ചന്തുമേനോൻ ഒയ്യാരത്ത്, 1955, ഇന്ദുലേഖ, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.
11. രാമൻപിള്ള സി.വി., 1973, മാർത്താണ്ഡവർമ്മ, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.
12. പിരപ്പൻകോട് മുരളി, സുഭദ്രേ, സൂര്യപുത്രീ, എൻ. ബി. എസ്., കോട്ടയം.
13. ഭട്ടതിരിപ്പാട് വി.ടി., 1957, അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക്, മാതൃഭൂമി, കോഴിക്കോട്.
14. വാസുദേവൻ നായർ, എം.ടി., 1978, എം.ടി. യുടെ തെരഞ്ഞെടുത്ത കഥകൾ. സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.
15. ശ്രീധരൻ ചമ്പാട്, 2004, അന്തരം, ഡി. സി. ബുക്സ്, കോട്ടയം.

*(ശ്രീധരൻ ചമ്പാടിന്റെ അന്തരം (നോവൽ കാർണിവൽ പരമ്പരയിലെ പുസ്തകം, ആഗസ്ത് 2004, ഡി.സി, ബുക്സ്, കോട്ടയം) എന്ന നോവലിന് എഴുതിയ ആമുഖത്തെ അടിസ്ഥാനമാക്കിയാണ് ഈ ലേഖനം തയ്യാറാക്കിയിട്ടുള്ളത്.)*